**File No.LSGD-DB2/345/2019-LSGD**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായി ഓഡിറ്റോറിയം നിർമ്മാണം രണ്ടാം ഘട്ട പ്രവൃത്തി പി.ഡബ്ല്യൂ.ഡി മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നിർവ്വഹിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

**G.O.(Rt) No.2072/2020/LSGD** തീയതി,തിരുവനന്തപുരം, 04/11/2020

---

പരാമർശം:- 1 ജി.ഒ.(ആർ.റ്റി) നം.3386/2017/ത.സ്വ.ഭ.വ തീയതി: 24-10-2017.

2 19/09/2019-ലെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി5/11061/2019/സി.ഇ/തസ്വഭവ നം. കത്ത്.

**ഉത്തരവ്**

ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായി ഓഡിറ്റോറിയം നിർമ്മാണം രണ്ടാംഘട്ട പ്രവൃത്തിക്ക് പരാമർശം - 1-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പിണറായി ഗ്രാമപഞ്ചായത്തിന്റെ 14/05/2018 ലെ 205/18 നമ്പർ തീരുമാനപ്രകാരം നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ടി പ്രവൃത്തി പി.ഡബ്ല്യൂ.ഡി മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നിർവ്വഹിക്കുന്നതിന് അനുമതി നൽകുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിനോട് പരാമർശം 2-ലെ കത്ത് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായി ഓഡിറ്റോറിയം നിർമ്മാണം രണ്ടാംഘട്ട പ്രവൃത്തിക്ക് പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയും, പിണറായി ഗ്രാമപഞ്ചായത്തിന്റെ 14.05.2018 ലെ 205/18 നമ്പർ തീരുമാനപ്രകാരം പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടി പ്രവൃത്തി പി.ഡബ്ല്യൂ.ഡി മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നിർവ്വഹിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം 1-ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, പിണറായി ഗ്രാമപഞ്ചായത്ത്.

**File No.LSGD-DB2/345/2019-LSGD**

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ) , കേരളം, തിരുവനന്തപുരം(ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ട്).

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.(NC-C3/25/2017-FIN. Dated 14-01-2020).

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by EENAMMA P A
Date: 2020.11 :14:38 IST
Reason: Approv
സെക്ഷൻ ഓഫീസർ